**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2453** **15-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സ്പിന്നിംഗ് മിൽ ജീവനക്കാരുടെ ശമ്പള വർധനവ്**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |
| (എ) | മലപ്പുറം സ്പിന്നിംഗ് മില്ലിലെ സ്റ്റാഫ് , ഓഫീസർ എന്നിവരുടെ ശമ്പളം വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഈ മാനദണ്ഡപ്രകാരം തൊഴിലാളികൾക്ക് ശമ്പളം വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് നടപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. മലപ്പുറം സ്പിന്നിംഗ് മില്ലിലെ സ്റ്റാഫ്, ഓഫീസർ എന്നിവരുടെ ശമ്പളം വർദ്ധിപ്പിച്ച് കൊണ്ട് 16.03.2024 തീയതിയിൽ മിൽ രജിസ്ട്രാറായ കൈത്തറി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രസ്തുത മിൽ തൊഴിലാളികളുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച് ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്. |
| (ബി) | സർക്കാരുമായി ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുള്ള നാലുവർഷം കാലാവധി പൂർത്തിയാക്കിയ സ്പിന്നിങ് മില്ലുകളിലെ ജീവനക്കാരുടെ ശമ്പള വർധനവ് സംബന്ധിച്ച് ചർച്ച ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുള്ളതും നാലു വർഷം കാലാവധി പൂർത്തിയാക്കിയിട്ടുള്ളതുമായ സ്പിന്നിംഗ് മില്ലുകളിൽ കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മില്ലിൽ ദീർഘകാല കരാറിനായുള്ള ചർച്ച നടന്നു വരുന്നു. ലേ-ഓഫിലായിരിക്കുന്ന സീതാറാം ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവിടങ്ങളിൽ ഇതു സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിട്ടില്ല. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ പുതിയ കരാർ ചെയ്യുന്നതിനായുള്ള ധാരണ ആയിട്ടുണ്ട്.<br><br>പുതിയ ദീർഘകാല കരാർ സംബന്ധിച്ച ചർച്ചകൾ സംസ്ഥാനതല വ്യവസായ ബന്ധ സമിതി (IRC) യുടെ പരിഗണനയിലാണ്. |
| (സി) | സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളിൽ ഗ്രാറ്റുവിറ്റിയും പി.എഫ്. കുടിശികയും നൽകാനുണ്ടോ; എങ്കിൽ നൽകാനുള്ള സ്ഥാപനത്തിന്റെ പേരും നൽകാനുള്ള തുകയും ഇനം തിരിച്ച് വിശദമാക്കാമോ; | (സി) | ഉണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളിൽ കോടതിവിധി പ്രകാരം ഗ്രാറ്റുവിറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എത്രപേർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 10 പേർക്കും സീതാറാം ടെക്സ്റ്റൈൽസിൽ 2 പേർക്കും ഗ്രാറ്റുവിറ്റി കുടിശിക നൽകിയിട്ടുണ്ട്. കൂടാതെ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ യൂണിറ്റ് മില്ലുകളായ കോട്ടയം ടെക്സ്റ്റൈൽസിൽ നിന്നും വിരമിച്ച 7 പേർക്ക് പൂർണമായും പ്രഭുറാം മിൽസിൽ നിന്നുള്ള 4 പേർക്കും എടരിക്കോട് ടെക്സ്റ്റൈൽസിൽ നിന്നുള്ള 11 പേർക്കും ഭാഗികമായും കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സ്പിന്നിംഗ് മിൽ | പി.എഫ് കുടിശിക (രൂപ ലക്ഷത്തിൽ) | ഗ്രാറ്റുവിറ്റി കുടിശിക (രൂപ ലക്ഷത്തിൽ) |
|---|---|---|
| കൊല്ലം  സഹകരണ സ്പിന്നിംഗ് മിൽ | 200.00 | 28.93 |
| ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ | 33.24 | 1.30 |
| പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ | 285.38 | 24.34 |
| തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | 800.00 | 400.00 |
| കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ | 96.80 | 18.55 |
| മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ | 8.00 | 0 |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 81.60 | 25.43 |
| കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ | 30.00 | 5.00 |
| സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 290.00 | 145.00 |
| കോട്ടയം ടെക്സ്റ്റൈൽസ് | 367.4 | 54.54 |
| കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് | 264.84 | 2.67 |
| പ്രഭുറാം മിൽസ് | 175.85 | 30.33 |
| മലബാർ സ്പിന്നിംഗ് മിൽസ് | 317.43 | 21.84 |
| എടരിക്കോട് ടെക്സ്റ്റൈൽസ് | 709.85 | 366.34 |
| ഹൈ ടെക് വീവിംഗ് മിൽസ് | 102.23 | 3.11 |
| ഉദുമ ടെക്സ്റ്റൈൽ മിൽസ് | 58.29 | 4.58 |

സെക്ഷൻ ഓഫീസർ